13

# ശക്തിയാൽ ഒരു രാജാവ്

## (6:1-15)

രണ്ടു വ്യത്യസ്ത ബൈബിളുകളിൽ നിന്ന് വായിച്ച് നന്നായി മനസ്സിലാക്കുവാൻ ശ്രമിച്ച ഉഗാണ്ടയിലെ ഒരു ഗ്രാമത്തിൽ, ഒരു വൃദ്ധനെ അവിടെ മിഷണറിയായി പ്രവർത്തിച്ച ജോൺ ബാർട്ടെൻ എന്നയാൾ കണ്ടുമുട്ടി. രണ്ടു ബൈബിളും എഴുതപ്പെട്ടിരുന്നത് അയാളുടെ ഭാഷയിൽ ആയിരുന്നില്ല, അതുകൊണ്ട് ആ വൃദ്ധ മനുഷ്യൻ വാക്കുകൾ മനസ്സിലാക്കുവാൻ പാടുപെട്ടു. ജോണിന് ലസോഗാ ഭാഷ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല എങ്കിലും ആ പ്രായമായ മനുഷ്യന് ഇംഗ്ലീഷ് സംസാരിക്കുവാൻ കഴിഞ്ഞില്ല എങ്കിലും, അയാൾ മനസ്സിലാക്കുവാൻ ശ്രമിച്ച വാക്കുകളെ കുറിച്ച് സംസാരിച്ചു. അയാൾ ജോണിനോട് പറഞ്ഞിരുന്നത് ബൈബിൾ സന്ദേശം ബസോഗയിലെ ആളുകൾക്ക് കിട്ടുവാൻ, ബസോഗക്കാർ "നിങ്ങളുടെ ഭാഷ വിലയ്ക്കു വാങ്ങണം." ആദ്യം, ജോണിന് താൻ കേൾക്കുന്നത് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അവസാനം, എങ്ങനെയായാലും, ആ വൃദ്ധൻ പറഞ്ഞത് അയാളുടെ ആളുകൾ ഇംഗ്ലീഷ് - സംസാരിക്കുന്ന സ്കൂളിൽ ഫീസുകൊടുത്ത് പഠിച്ചാൽ മാത്രമേ അവർക്ക് ഇംഗ്ലീഷിൽ ബൈബിൾ വായിക്കുവാനും ഗ്രഹിക്കുവാനും കഴിയുകയുള്ളൂ എന്നാണ് വ്യക്തമാക്കിയതെന്ന് തിരിച്ചറിഞ്ഞു.

ജോൺ അയാളുടെ മറുപടി വീണ്ടും കേൾപ്പിക്കയുണ്ടായി:

> ഞാൻ ആ വൃദ്ധനോടു പറഞ്ഞത് ഞാൻ ബസോഗാ ഭാഷ പഠിച്ച് സന്ദേശം "സൗജന്യമായി" അറിയിക്കുവാൻ ശ്രമിക്കുകയായിരുന്നു. അതുകേട്ടപ്പോൾ അദ്ദേഹത്തിന് ആഹ്ലാദമുണ്ടാവുകയും, എന്നോട് വീണ്ടും ചെല്ലുവാൻ ആവശ്യപ്പെടുകയും ചെയ്തു.
>
> "വചനം ജഡമായി നമ്മുടെ ഇടയിൽ പാർത്തു." മറ്റൊരു വാക്കിൽ പറഞ്ഞാൽ, യേശു നമ്മുടെ അടുക്കലേക്കു വന്നു.
> നമ്മുടെ ഭാഷ സംസാരിച്ചു. അവൻ നമ്മുടെ ലോകത്തിൽ ജീവിച്ചു.

> അവൻ നമ്മിൽ ഒരാളായിത്തീർന്നു. അവൻ വിടവു നികത്തി; അതു ചെയ്യുവാൻ നമ്മെ അവൻ അനുവദിച്ചില്ല. ആ നടപടിയിൽ തന്റെ തേജസ് അവൻ കാണിച്ചു, "ആ തേജസ് പിതാവിൽനിന്നുവന്നവന്റെ തേജസായി, കൃപയും സത്യവും നിറഞ്ഞവനായി തീർന്നു."[1]

ജോൺ ബാർട്ടനെ പോലെയുള്ളവർ യേശുവിന്റെ സംഭവം വിവരിക്കുമ്പോൾ ദൈവതേജസ്സ് വെളിപ്പെടുത്തുകയാണ്. യോഹന്നാൻ 6:1-15-ൽ, ദൈവതേജസിന്റെ കാഴ്ച, യേശു അയ്യായിരംപേരെ പോഷിപ്പിച്ചപ്പോൾ വീണ്ടും കാണുന്നു.

**സംഭവം (6:1-15)**

അദ്ധ്യായം 5 ൽ യെരുശലേമിലെ യെഹൂദന്മാരുടെ പെരുന്നാളിനിടയിൽ യേശു ഉപദേശിച്ചത് രേഖപ്പെടുത്തിയിട്ടുണ്ട്. അധ്യായം 6-ൽ യേശു വീണ്ടും ഗലീലാ കടൽ കടന്ന് ഗലീലാ പ്രദേശത്ത് ശിഷ്യന്മാരുമായി വീണ്ടും വരുന്നതായി കാണുന്നു. അപ്പോഴേക്കും അവന്റെ ശ്രുതി വർദ്ധിച്ചിരുന്നു. അവൻ ചെയ്ത അത്ഭുതകരമായ "അടയാളങ്ങൾ" ആയിരുന്നു സംസാരവിഷയം. വാക്യം 2-ൽ ഗ്രീക്കിലെ മൂന്നു അപൂർണ്ണ ക്രിയകൾ തുടർ പ്രവർത്തിയെ സൂചിപ്പിക്കുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ആ വേദഭാഗത്തിന്റെ അർത്ഥം "യേശു *തുടർന്ന് ചെയ്യുവാൻ പോകുന്നത്* എന്താണെന്ന് *കാണുവാൻ* വലിയൊരു പുരുഷാരം *അവനെ പിൻപറ്റിക്കൊണ്ടിരുന്നു.*" (എംഫസിസ് മൈൻ.)

യോഹന്നാന്റെ അടുത്ത വിശദീകരണം "യെഹൂദന്മാരുടെ പെരുന്നാളായ, പെസഹാ അടുത്തിരിക്കുന്നു" (6:4). "യെഹൂദന്മാരുടെ പെരുന്നാൾ അടുത്തിരിക്കുന്നു" (2:13) എന്നതുകൊണ്ട് ദൈവാലയശുദ്ധീകരണവും നടന്നിരുന്നു. എന്തുകൊണ്ട് അന്ന് അനേകം ആളുകൾ യേശുവിനെ കാണുവാനും കേൾക്കുവാനും വന്നു എന്നതിന്റെ ചെറിയ വിശദീകരണമായി ഇത് തോന്നിയേക്കാം. ഒന്നാം - നൂറ്റാണ്ടിലെ ഇസ്രായേലിന് പെസഹാ സീസൺ പൈതൃകമായ ഉയർന്ന പെരുന്നാൾ ആയിരുന്നു. ഓരോ വർഷവും യെഹൂദന്മാർ യെരുശലേമിൽ കൂടിവന്നിരുന്നത് മശിഹാ വന്ന് റോമൻ ഭരണത്തെ മറിച്ചിട്ട് സ്വതന്ത്രമായ ഇസ്രായേൽ രാജ്യം യഥാസ്ഥാനപ്പെടുത്തും എന്നോർത്തുകാത്തിരുന്നു.

തൽഫലമായി, ഗലീലയിലെ ആളുകൾ യേശു അത്ഭുതം ചെയ്തപ്പോൾ പെസഹാ അടുത്തിരിക്കയും ചെയ്തതുകൊണ്ട്, യേശു ഇസ്രായേലിന്റെ രാജാവായി തീരുമെന്ന് അനേകവർഷമായി കാത്തിരുന്ന ഇസ്രായേൽ ജനം ആഗ്രഹിച്ചു! അയ്യായിരം പേരെ അവൻ പോഷിപ്പിച്ചപ്പോൾ (6:10) അവർ സാധാരണ ആവേശമുള്ള കേൾവിക്കാർ മാത്രമായിരുന്നില്ല. പകരം, ചുടു - രക്തമുള്ള യെഹൂദ യോദ്ധാക്കളായി മശിഹയോടൊപ്പം യുദ്ധം ചെയ്യുവാൻ തയ്യാറായവരായിരുന്നു. കൃഷിക്കാർ തങ്ങളുടെ ഉപകരണങ്ങൾ വിട്ടുകളയുകയും കടക്കാർ തങ്ങളുടെ വ്യാപാരങ്ങൾ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ഗലീലാകടൽക്കരയിലേക്ക് യേശുവിനെ കേൾപ്പാൻ പോയി.

മലഞ്ചെരുവിലേയ്ക്ക് യേശുവിനെ കേൾപ്പാനായി വലിയ പുരു

ഷാരം വരുന്നതുകണ്ടപ്പോൾ, ആ പ്രദേശത്തുകാരനായ, ഫിലിപ്പോസിനോട് യേശു പറഞ്ഞു (1:44), "ഇവർക്ക് തിന്നുവാൻ, നാം എവിടെ നിന്നു അപ്പം വാങ്ങും?" (6:5). യേശു ചെയ്ത മറ്റ് അടയാളങ്ങൾ ഫിലിപ്പോസിന് അറിയാമെങ്കിലും, ഇത്രയും വലിയ പുരുഷാരത്തിന് ഓരോരുത്തന്ന് അല്പാല്പം ലഭിക്കേണ്ടതിന് എട്ട് മാസത്തെ ശമ്പളം മതിയാകയില്ല എന്നു പറഞ്ഞ അവന്റെ വിശ്വാസം കുറഞ്ഞതായിരുന്നു (6:7). എന്നാൽ, താൻ ആ പുരുഷാരത്തിനെന്തുചെയ്യുവാൻ പോകുന്നുവെന്ന് യേശു അറിഞ്ഞിരുന്നു.

ആ സമയത്ത്, അവിടെ ഉണ്ടായിരുന്ന ഒരു ബാലന്റെ പക്കൽ "അഞ്ച് യവത്തപ്പവും രണ്ടുമീനും" ഉണ്ട് എന്ന് അന്ത്രയോസ് യേശുവിനോടു പറഞ്ഞു.[2] പിന്നെ ചോദിച്ചു, "എങ്കിലും ഇത്രപേർക്കു ഇത് എന്തുള്ളൂ?" (6:9). അന്ത്രയോസിനെ യോഹന്നാന്റെ പുസ്തകത്തിൽ കാണുന്നത് മുഖ്യമായും ആളുകളെ യേശുവിന്റെ അടുക്കലേയ്ക്കു കൊണ്ടുവരുന്നതായിട്ടാണ്.[3] ആധുനിക വായനക്കാരൻ "അപ്പവും" "മീനും" ഇന്ന് മാർക്കറ്റിൽ കിട്ടുന്നവയാണെന്ന് ധരിക്കരുത്. അപ്പം എന്നുപറഞ്ഞിരിക്കുന്നത് ഒരുപക്ഷേ ചെറിയ, വൃത്താകൃതിയിലുള്ള അപ്പം (ആകൃതിയിലല്ലാത്ത ഡിന്നർ റോൾസ്) അന്നത്തെ ദരിദ്ര മനുഷ്യരുടെ ആഹാരമായിരുന്നു അത്. മീൻ എന്നത് ഒരു പക്ഷേ ചെറിയ – ആകൃതിയിലുള്ള മീനായിരിക്കാം. അത് ഭക്ഷണത്തിന് രുചി പകരുന്നതാണ്. എങ്ങനെയായാലും, ദൈവപുത്രന് അത് ധാരാളം മതി!

ആളുകളോട് പുല്ലുണ്ടായിരുന്ന സ്ഥലത്ത് ഇരിക്കുവാനായി യേശു ശിഷ്യന്മാരോട്, പറഞ്ഞു, അവർ അങ്ങനെ ചെയ്തു. പിന്നീട് സംഭവിച്ചത്, അവിശ്വസനീയമായി അഞ്ചു അപ്പവും രണ്ടുമീനും എടുത്ത് കൊടുത്തപ്പോൾ യുഗങ്ങളോളം മനുഷ്യർക്ക് എന്തുസംഭവിച്ചുവെന്ന് വിവരിക്കുവാൻ അസാധ്യം. എങ്ങനെയായാലും, യോഹന്നാൻ പറഞ്ഞത് നിഷേധിക്കാനാവാത്തരീതിയിൽ യേശു അതെടുത്തു, വാഴ്ത്തി ആ അപ്പവും മീനും വർദ്ധിപ്പിച്ചു. ആളുകൾ "അവർക്ക് തൃപ്തിവരുവോളം ഭക്ഷിച്ചു" (6:11), "അവർക്ക് തൃപ്തിയായശേഷം" (6:12) ശേഷിച്ച കഷ്ണങ്ങൾ പന്ത്രണ്ടു കൊട്ട നിറച്ചെടുത്തു. ഓർക്കുക, അയ്യായിരം പേർ യുദ്ധത്തിന് ശക്തരായവർ – ധാരാളം കഴിക്കുവാൻതക്ക വിശപ്പും ഉള്ളവർ ആയിരുന്നു!

ആളുകൾ "അടയാളം" കണ്ടപ്പോൾ (6:14), ദൈവകരം യേശുവിൽ പ്രത്യേകമായി ഉണ്ടായിരുന്നതായി അവർ തിരിച്ചറിഞ്ഞു. "ലോകത്തിലേക്കുവരുവാനുള്ള പ്രവാചകൻ ഇവൻ ആകുന്നു സത്യം എന്നുപറഞ്ഞു" (6:14). വരുവാനുള്ള പ്രവാചകന്റെ പ്രതീക്ഷ അവർക്ക് മോശെയുടെ ന്യായപ്രമാണത്തിലെ ഈ പ്രസ്താവനയിൽനിന്ന് ലഭിച്ചതാണ്: "നിന്റെ ദൈവമായ യഹോവ നിനക്കു എന്നെപ്പോലെ ഒരു പ്രവാചകനെ നിന്റെ മദ്ധ്യേ നിന്റെ സഹോദരന്മാരുടെ ഇടയിൽനിന്ന് എഴുന്നേൽപ്പിച്ചുതരും; അവന്റെ വചനം നിങ്ങൾ കേൾക്കേണം" (ആവർത്തനപുസ്തകം 18:15).

കുറച്ചുവാക്യങ്ങൾക്കുശേഷം, മോശെ യഹോവയുടെ അരുളപ്പാട് ഉദ്ധരിച്ച്: "നിന്നെപ്പോലെ ഒരു പ്രവാചകനെ ഞാൻ അവർക്ക് അവ

രുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് എഴുന്നേൽപ്പിച്ചു എന്റെ വചനങ്ങളെ അവന്റെ നാവിന്മേലാക്കും; ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും" (ആവർത്തനപുസ്തകം 18:18). ഈ വാക്കുകളുടെ പ്രതിധ്വനിയോടും, ദേശഭക്തിയുടെ ത്രസിക്കുന്ന ഹൃദയങ്ങളും, തിന്ന് തൃപ്തരായ അയ്യായിരം പേർ വിപ്ലവ - ാത്മകമായി "അവർ വന്നുതന്നെപ്പിടിച്ചു രാജാവാക്കുവാൻ ശ്രമിക്കുന്നുവെന്ന് അറിഞ്ഞു" (6:15). അത്തരം ഉദ്ദേശ്യം നിസ്സാരമായി കാണേണ്ടതായിരുന്നില്ല. അവർക്ക് യേശുവിനെ രാജാവാക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ റോമിന്റെ ശക്തിയോട് അവർക്ക് എതിരിടേണ്ടിവരുമായിരുന്നു. ഒരു രാജാവിനെ സിംഹാസനാരൂഢനാക്കുവാൻ, മറ്റൊരാളെ സ്ഥാനഭ്രഷ്ടനാക്കണം. എങ്കിലും, അതായിരുന്നു അവരുടെ ഉദ്ദേശ്യം!

### സംഭവത്തിലെ ശേഷിച്ച ഭാഗം

നാം വേദഭാഗത്തിൽ മുൻപോട്ട് പോകുന്നതിനുമുൻപ്, ആ അയ്യായിരംപേർ അന്നു ചിന്തിച്ചതിനെ നമുക്ക് ഊഹിക്കാം. ഒരിക്കൽ യേശുവിനെ അവരുടെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ, അവരുടെ പ്രതീക്ഷ എന്തായിരുന്നു? യേശു അത്ഭുതത്താൽ നല്കിയ ആഹാരം കഴിച്ച് തൃപ്തരായവർ, ഒരുപക്ഷേ എവിടെനിന്നെങ്കിലും ഒരു വാൾ കൊണ്ടുവന്ന് വർദ്ധിപ്പിച്ച് തന്റെ സൈന്യമായ കൃഷിക്കാർക്കും കച്ചവടക്കാർക്കും നല്കുമെന്നു പ്രതീക്ഷിച്ചിരിക്കുന്നു. പിന്നെ അവരുടെ വാളുകൾ സൂര്യനിൽ മിന്നിത്തിളങ്ങി, അവർ ഗലീലാ കടൽകടന്ന് തിബരിയാസിനെതിരായി നീങ്ങും. ചുരുങ്ങിയ കൽപ്പനകൊണ്ട്, അവർ പട്ടണം നിറയുകയും അവസാനം ലക്ഷ്യസ്ഥാനമായ യെരുശലേമിൽ എത്തുകയും ചെയ്തു. അതുപെസഹാ സീസണായതുകൊണ്ട്, അവർ റോമാ പടയാളികളെ പാളയം അടിച്ചിരിക്കുന്നത് കാണും. യുദ്ധം ഭയാനകമായിരിക്കും, അവസാനം റോമാക്കാർ എല്ലാവരും നിഷ്പ്രഭമാകും.

യേശുവും തന്റെ പടയാളികളും ദൈവാലയത്തിലെ മാലിന്യവും ദുഷ്പ്രവർത്തിയും, സദൂക്യരെയും അവരുടെ സ്ഥാനങ്ങളേയും ഇല്ലാതാക്കും. യെരുശലേം പിടിക്കപ്പെട്ടതായി റോമിൽ അറിവു കിട്ടുമ്പോൾ റോമിന്റെ ശക്തമായ സൈന്യം യേശുവിനോടും അവന്റെ പടയാളികളോടും നേരിടും. ഭയങ്കരമായ ഒരു പോരാട്ടം, യെഹൂദന്മാർ റോമാക്കാരെ ഇല്ലാതാക്കി ഒരു പുതിയ ലോകസാമ്രാജ്യമായിത്തീരുകയും ചെയ്യും. ഇതായിരിക്കും സാധാരണക്കാരായിരുന്ന യേശുവിനെ അനുഗമിച്ച ആ അയ്യാ - യിരം - പുരുഷന്മാർ ചിന്തിച്ച് - ഇരിക്കാം! എങ്ങനെയായാലും, യേശുവിന്റെ മനസ്സിൽ മറ്റൊന്നായിരുന്നു.

### അവരുടെ തെറ്റും നമ്മുടേതും

പ്രതീക്ഷകളും ആവേശവും ഉയർന്ന നിലവാരത്തിലെത്തിയപ്പോൾ, യേശു അപ്രതീക്ഷമായ ഒരു കാര്യം ചെയ്തു. "അവൻ പിന്നെയും തനിച്ച് മലയിലേക്കുവാങ്ങിപ്പോയി" (6:15). അന്ന് ആ മലയിൽ താൻ ചെയ്തത് അവൻ മാത്രമേ ഒരുപക്ഷേ മനസ്സിലാക്കിയിരിക്കയുള്ളൂ. പന്തിരുവർക്കും അയ്യായിരം അനുയായികൾക്കും, യേശു കഠിനാധ്വാന

ത്താൽ എന്തു സ്ഥാപിക്കുവാൻ തുനിഞ്ഞുവോ അതിൽനിന്ന് പിൻവാങ്ങി എന്നുതോന്നി.

ഏറ്റവും നല്ല താരതമ്യം എനിക്ക് ചിന്തിക്കുവാൻ കഴിയുന്നത് ഒരാൾ നാലുവർഷം നീണ്ട പ്രയത്നത്താൽ തന്റെ രാജ്യത്തിലെ ഒരു നേതാവായിത്തീരുവാൻ അവന്റെ ജീവിതം ഉഴിഞ്ഞുവയ്ക്കുന്നതാണ്. അവൻ ആളുകളെ സംഘടിപ്പിക്കുവാൻ നീണ്ട മണിക്കൂറുകൾ ചെലവഴിക്കുകയും ഓരോ വർഷവും തന്റെ സ്ഥാനാർത്ഥിത്വത്തിന്റെ ഉയർച്ചയ്ക്കായി അമ്പത്തി – രണ്ട് ആഴ്ചകൾ സഞ്ചരിക്കുകയും ചെയ്തു. പിന്നെ, അവസാനം എല്ലാ കഠിനാദ്ധ്വാനവും തീർന്ന്: പ്രാഥമികമായ തെരഞ്ഞെടുപ്പിൽ, തന്റെ പാർട്ടിയുടെ സ്ഥാനാർഥി പട്ടികയിൽ അവന്റെ പേർ വന്നു. എങ്ങനെയായാലും, കൺവെൻഷൻ സംഘടിപ്പിച്ചപ്പോൾ വോട്ടെടുപ്പുനടന്നു, ഊഹിക്കാനാവാത്തതു ചിലതു സംഭവിച്ചു. എന്നാൽ ആയിരക്കണക്കിനു ആളുകൾ അവരുടെ പിന്തുണ സ്ഥാനാർത്ഥിത്വത്തിന് ഉണ്ട് എന്ന് കൈവീശി അറിയിച്ചു, ആ മനുഷ്യൻ പെട്ടെന്ന് തന്റെ കസേരയിൽ നിന്ന് എഴുന്നേൽക്കുകയും കൺവെൻഷനിൽ നിന്നു പുറത്തുപോവുകയും ചെയ്തു. അത്തരം പ്രവൃത്തി ചിന്തിക്കുവാൻ പോലും കഴിയാത്തതാണ് – എന്നാൽ അയ്യായിരം പേർ യേശുവിനെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ യേശു ചെയ്തതും ഒരുപക്ഷേ ചിന്തിക്കാനാവാത്തതാണ്.

യേശു വീണ്ടും സമാനതകളില്ലാത്ത തന്റെ കഴിവിനെ തന്റെ ലക്ഷ്യത്തിൽ അവസാനം വരെ നിലനിർത്തുന്നതായി കാണിച്ചുകൊടുത്തു. ദൈവത്തിന്റെ അന്തിമ ഉദ്ദേശ്യം സ്ഥാപിക്കുവാൻ ഉതകുന്നതല്ല ആ പുരുഷാരത്തിന്റെ ഉദ്ദേശ്യമെന്ന് അവൻ അറിഞ്ഞിരുന്നു; കടൽ പുറകോട്ടുവലിഞ്ഞാൽ ലോകത്തെ പാപത്തിൽനിന്ന് രക്ഷിക്കുവാൻ കഴിയുകയില്ല. അതിലുപരിയായി, അവരുടെ അപ്പോഴത്തെ മനസ്സ് വിവേകപൂർണമായിരുന്നില്ല എന്ന് അവൻ അറിഞ്ഞിരുന്നില്ല. അതുകൊണ്ട്, അവൻ വെറുതേ നടന്നുപോയി!

ഈ സന്ദർഭത്തിൽ എന്നെ ചിന്തിപ്പിക്കുന്ന രണ്ടുകാഴ്ചകൾ **"**കണ്ണാടി**"** യിൽ ഞാൻ കാണുന്നു. നമ്മുടെ വിചാരപ്രകാരം യേശുവിനെ നിർബന്ധിക്കുക എന്നതാണ് എന്റെ ആദ്യത്തെ ഉത്കണ്ഠ. നമ്മുടെ പ്രതീക്ഷകൾ നാം യേശുവിൽ വരുവാൻ ആഗ്രഹിക്കുന്നു, മറിച്ച് അവൻ ആരാണെന്ന് കാണിക്കുവാൻ അവനെ അനുവദിക്കുകയാണ് നാം ചെയ്യേണ്ടത്. യേശു നമ്മെപ്പോലെയാണെന്ന് ചിലപ്പോൾ നാം വിചാരിക്കാറില്ലേ? ഇന്ത്യക്കാർ ചിലപ്പോൾ അവനെ ഇന്ത്യക്കാരനായും, ഇറ്റലിക്കാർ അവനെ ഇറ്റലിക്കാരനാണെന്നും വിചാരിക്കുന്നു. ഇംഗ്ലീഷ് – സംസാരിക്കുന്നവർ വിചാരിക്കുന്നത് യേശു ഇംഗ്ലീഷ് സംസാരിക്കുമെന്നാണ്, എന്നാൽ സ്പാനിഷ് – സംസാരിക്കുന്നവർ കരുതുന്നത് യേശു തീർച്ചയായും സ്പാനിഷ് ഭാഷ ഇഷ്ടപ്പെടുമെന്നാണ്. ധനികരായ ആളുകൾ അവനെ ധനികനായും, ദരിദ്രരായ ആളുകൾ അവനെ ദരിദ്രനായും കാണുന്നു. വിദ്യാസമ്പന്നർ അവനെ വിദ്യാസമ്പന്നനായും, വിദ്യാഭ്യാസമില്ലാത്തവർ അവനെ സ്കൂളിൽ പോകാത്തവനായും കാണുന്നു. വികാരമുള്ള ആളുകൾ യേശുവിനെ വികാരമു

ള്ളവനായും, ശാന്തരായ ആളുകൾ യേശുവിനെ ശാന്തനായും കാണുന്നു. നാം നമ്മുടെ പ്രതീക്ഷകൾ യേശുവിൽ വയ്ക്കുമ്പോൾ ആ അയ്യായിരംപേർക്ക് സംഭവിച്ചതുപോലെ യേശു രംഗത്തുനിന്ന് അപ്രത്യക്ഷമാകുമെന്ന് വിചാരിക്കുക. ലോകം തെറ്റിദ്ധരിച്ചാൽ പോലും, അവന്റെ പിതാവിന്റെ ഇഷ്ടമാണ് അവൻ ചെയ്യുവാൻ ശഠിച്ചത്.

ഈ ചെറിയ വേദഭാഗത്തിൽ നൽകുന്ന മറ്റൊരു മുന്നറിയിപ്പ് എന്തെന്നാൽ, നാമും, ഹ്രസ്വ – കാല പ്രശ്നങ്ങളിൽ കുടുങ്ങി ദീർഘ – കാല പരിഹാരങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു. യേശുവിന്റെ കാലത്തെ യെഹൂദന്മാർ റോമാ സാമ്രാജ്യത്തിന്റെ അധീനതയിൽ ആയിരുന്നു. ആരെങ്കിലും വന്നു തങ്ങൾക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം തരുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു, അവർ നോക്കിയത് **"ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടിനെ!"** ആയിരുന്നു **(1:29)**. നാം അങ്ങനെ ചെയ്യുമോ? പെട്ടെന്നുണ്ടാകുന്ന പ്രശ്നങ്ങളെ വിചാരിച്ച് ജീവിതത്തിലെ വലിയ പ്രശ്നങ്ങളെ നാം കാണാതെ പോകുന്നുണ്ടോ? പാപത്തിൽ നിന്ന് വിടുതൽ കിട്ടുന്നതിനേക്കാൾ ജോലി ഭാരത്തിൽനിന്നോ, സമ്മർദ്ദങ്ങളിൽനിന്നോ, പോരാട്ടത്തിൽനിന്നോ, വേദനയിൽനിന്നോ, നികുതിയിൽനിന്നോ വിടുതൽ കിട്ടുവാൻ നാം വഴിതേടാറുണ്ടോ? നാം നമ്മുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് അവനെ വരുത്തുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ അജണ്ട പിൻപറ്റുവാനും അന്ന് അയ്യായിരം പേർ ആ മലഞ്ചെരുവിൽ ചെയ്തതുപോലെ നാം ചെയ്യുകയാണെങ്കിൽ ... യേശു നമ്മിൽ നിന്ന് നടന്നകലും!

**ഉപസംഹാരം**

രണ്ടുവർഷം മുൻപ്, ഞാൻ ഒരു 4 – ഡി സ്റ്റീരിയോഗ്രാം[4] ആദ്യമായി കണ്ടു. എന്റെ കുടുംബത്തോടുകൂടി ഒരു വലിയ കടയിൽപ്പോയി അപ്പോൾ ഒരു കൂട്ടം ആളുകൾ പോസ്റ്റേഴ്സുമായി അവിടിരിക്കുന്നതു കണ്ടു. ആ പോസ്റ്റേഴ്സിൽ നല്ല മനോഹരമായ ചിത്രങ്ങൾ ഉണ്ടായിരുന്നു. ഞങ്ങളും അതിനുചുറ്റും നിന്ന് നോക്കി. ചിലർ അതിൽ ഒളിഞ്ഞു കിടന്ന മനോഹരമായ രൂപങ്ങൾ കണ്ടു, എന്നാൽ മറ്റുള്ളവർക്ക് അതൊരിക്കലും **"കാണുവാൻ"** കഴിഞ്ഞില്ല.

യോഹന്നാൻ 6:1–15 ഒരു സ്റ്റീരിയോഗ്രാം പോലെയാണ്. ആ ചിത്രത്തിന്റെ അടിയിലെ ഒറ്റ വാക്ക് **"വിജയം"** എന്നാണ്! നാമെല്ലാം ചിത്രത്തിൽ മറഞ്ഞു കിടക്കുന്ന രൂപം കാണുവാൻ ചുറ്റും നിന്നു നോക്കുകയാണ്. നാം എന്തു കാണുവാനാണ് പ്രതീക്ഷിക്കുന്നത്? ചിലർ കാണുവാൻ ആഗ്രഹിക്കുന്നതു ഒരു രൂപയുടെ ചിഹ്നം ആയിരിക്കാം, മറ്റു ചിലർ ആഗ്രഹിക്കുന്നത് അവരുടെ രാജ്യത്തിന്റെ തലസ്ഥാന കെട്ടിടം ആയിരിക്കാം. കുറെ പേർ കാണുവാൻ ആഗ്രഹിക്കുന്നത് ഒരു മാളികയായിരിക്കാം, അതേസമയം വേറെ ചിലർ ടാങ്കുകളും ബോംബുകളും ഉള്ള ഒരു സൈന്യത്തെ പ്രതീക്ഷിക്കുന്നവരും ഉണ്ട്. പിന്നെ, മറഞ്ഞു കിടക്കുന്ന രൂപത്തെ നോക്കി മന്ത്രിക്കും, "ഓ, അതു ഞാൻ കണ്ടു." ഓരോന്നായി, എല്ലാവരും ആ ചിത്രത്തെ നോക്കുകയും, അതാരും പ്രതീക്ഷിച്ചതുപോലെ അല്ല. പകരം, **"വിജയം!"** ഒരു ക്രൂശാണ്.

കുറിപ്പുകൾ

[1]ജോൺ ബാർട്ടൻ, വർക്ക് റിപ്പോർട്ട്, ഡിസംബർ 1994. [2]വാക്കിന്റെ അർത്ഥം **"ഒരു ചെറിയ, ചെറിയ കുട്ടി"** എന്നാണ്. [3]യോഹന്നാൻ 1:40, 41; 12:20–22. [4]ഒരു **"ഫോർ – ഡയമെൻഷണൽ സ്റ്റീരിയോഗ്രാം"** ഒന്നിലധികം നിലയിൽ കാണാവുന്ന ചിത്രമാണ്.ആദ്യനോട്ടത്തിൽ അതു നിറങ്ങളുടെ മിശ്രിതമായി തോന്നും. ശരിയായ രീതിയിൽ ഒരാൾ അതിന്റെ മാതൃകയിൽ **"കൂടെ"** നോക്കിയാൽ, രണ്ടാമതൊരു രൂപം – ഒരു മൂന്നു ദിശയുള്ള ഒരു ചിത്രം കൂടെ – കാണാം.

## "എനിക്ക് എങ്ങനെ ക്രിസ്തുവിന്റെ സഭയിൽ അംഗമായിത്തീരാൻ കഴിയും?"

ക്രിസ്ത്യാനികൾ, അഥവാ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങൾ ക്രിസ്തുവിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ട ആളുകളാണ്. സഭ, അതുകൊണ്ട്, പാപികളായ–ഒരിക്കൽ നഷ്ടപ്പെട്ട ആളുകളായിരുന്നവർ–ദൈവ കൃപ സ്വീകരിച്ചവരാണ്. സഭ ശിശുക്കൾക്ക് വേണ്ടി രൂപപ്പെടുത്തിയതല്ല. ശിശുക്കൾ "സുരക്ഷിതർ" ആണ്; അവർ രക്ഷിക്കപ്പെടേണ്ട ആവശ്യം ഇല്ല (മത്തായി 18:3). പാപം ദൈവത്തിന് എതിരായുള്ള മത്സരമാണെന്ന തിരിച്ചറിവിൽ നാം എത്തണം; പിന്നെ നാം പാപം ചെയ്യുന്നു. നാം എല്ലാവരും പാപം ചെയ്തതു കൊണ്ട് (റോമർ 3:23), നമ്മുക്ക് എല്ലാവർക്കും രക്ഷ ആവശ്യമാണ്.

നമ്മുടെ പാപങ്ങളിൽ നിന്നു നമ്മെ രക്ഷിക്കുന്നതിനു വേണ്ടിയാണ് ക്രിസ്തു മരിച്ചത് (1 കൊരിന്ത്യർ 15:3). ദൈവത്തിന്റെ സൗജന്യ കൃപയെ സ്വീകരിപ്പാൻ നാം എന്തു ചെയ്യണം?

ആദ്യം, സുവിശേഷ സത്യങ്ങളിൽ പഠിപ്പിച്ചിട്ടുള്ള *ക്രിസ്തുവിനെക്കുറിച്ച്, നാം പഠിക്കണം* (മത്തായി 28:18–20; യോഹന്നാൻ 6:45). ഇതിന് *വിശ്വാസം ഉണ്ടാകണം* (റോമർ 10:17), ക്രിസ്തുവിലുള്ള വിശ്വാസം *മറ്റുള്ളവരോട് യേശു ദൈവപുത്രനെന്ന് നമ്മെ ഏറ്റു പറയുവാൻ പ്രേരിപ്പിക്കുന്നു* (റോമർ 10:9,10). നമ്മുടെ വിശ്വാസം *നമ്മുടെ പാപങ്ങളിൽ നിന്ന് നമ്മെ മാനസാന്തരപ്പെടുമാറാക്കുന്നു* (പ്രവൃത്തികൾ 2:37, 38), അതായത് നമ്മുടെ പാപങ്ങളോടുള്ള മനോഭാവം മാറണം (2 കൊരിന്ത്യർ 7:10). അവസാനം, നമ്മുടെ വിശ്വാസം നമ്മെ *സ്നാനത്തിലേക്ക് നയിക്കുന്നു* (മാർക്ക് 16:16). സ്നാനം എന്നത് (റോമർ 6:3, 4) വെള്ളത്തിലുള്ള അടക്കമാണ് (പ്രവൃത്തികൾ 10:47), അത് പാപമോചനത്തിലുള്ളതാണ്.

സഭ സ്ഥാപിച്ചതായ ദിവസം, ഏതാണ്ട് 3,000 പേർ ഈ പദ്ധതി അനുസരിച്ചു. പിന്നെ മറ്റുള്ളവരും സഭയോടു ചേർക്കപ്പെട്ടു (പ്രവൃത്തികൾ 2:38, 41, 47). അവർ ക്രിസ്ത്യാനിയായി തീർന്നതു മുതൽ, അവരുടെ ജീവിതം മാറി: "അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു" (പ്രവൃത്തികൾ 2:42).

1 കൊരിന്ത്യർ 12:13-ൽ ആത്മാവിന്റെ ഉപദേശം സ്വീകരിച്ചവർ "ഏക ശരീരത്തോടു ചേരുവാൻ സ്നാനം ഏറ്റു," അത് സഭയാണ് (കൊലസ്യർ 1:18). സഭ രക്ഷിക്കപ്പെട്ടവരുടെ ശരീരം ആകയാൽ അത് സഭയിലെ രക്ഷിക്കപ്പെട്ട അംഗങ്ങളും, രക്ഷിക്കപ്പെട്ടവർ ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളുമാകുന്നു.



© 2009 Truth for Today